പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3621 — 10/4/2013- ൽ മറുപടിക്ക്

## മൃഗസംരക്ഷണ മേഖലയുടെ അഭിവൃദ്ധിക്കായി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ : | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി ) |
| (എ) 2012-13-ലെ കേന്ദ്രബഡ്ജറ്റ് സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖലയുടെ അഭിവൃദ്ധിക്കായി രൂപം നൽകിയിരുന്ന വിവിധ പദ്ധതികൾ ഏതൊക്കെ; വിശദാംശം അറിയിക്കാമോ; | എ)2012-13 ലെ കേന്ദ്ര ബഡ്ജറ്റ് സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖലയുടെ അഭിവൃദ്ധിക്കായി താഴെപ്പറയുന്ന പദ്ധതികൾക്ക് രൂപം നൽകിയിരുന്നു.<br>1.ദേശീയ കുളമ്പുരോഗ നിയന്ത്രണത്തിനുള്ള പരിപാടി (100% സി.എസ്.എസ്)<br>2.ഓപ്പറേഷൻ റിൻഡർ പെസ്റ്റ് (100% സി.എസ്.എസ്)<br>3. കന്നുകാലിരോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധനസഹായം (75% സി.എസ്.എസ്)<br>4. ദേശീയ ആടു വസന്ത രോഗ നിർമ്മാർജ്ജന പരിപാടി (100% സി.എസ്.എസ്)<br>5. ദേശീയ ബ്രൂസില്ലോസിസ് നിയന്ത്രണ പദ്ധതി (100% സി.എസ്.എസ്)<br>6. നിലവിലുള്ള മൃഗാശുപത്രികളുടെയും ഡിസ്പെൻസറികളുടെയും വികസനം (75% സി.എസ്.എസ്)<br>7. കോഴി , താറാവു വളർത്തൽ കേന്ദ്രം ശക്തിപ്പെടുത്തൽ (80% സി.എസ്.എസ്)<br>8. ഗ്രാമീണ മേഖലയിൽ വീട്ട് പരിസരത്ത് കോഴി വളർത്തൽ വികസന പരിപാടി (100% സി.എസ്.എസ്)<br>9. ദേശീയ തീറ്റപ്പുൽ വികസന പദ്ധതി (75%സി.എസ്.എസ്)<br>10. മൃഗസംരക്ഷണ സ്ഥിതി വിവരകണക്കും സാമ്പിൾ സർവേയും (50% സി.എസ്.എസ്)<br>11. കന്നുകാലി സെൻസസ് (100% സി.എസ്.എസ്)<br>12.സംസ്ഥാന വെറ്ററിനറി കൗൺസിൽ (50%സി. എസ്.എസ്)<br>13. വംശനാശം സംഭവിച്ച്കൊണ്ടിരിക്കുന്ന അയവിറക്കുന്ന മൃഗങ്ങളുടെ സംരക്ഷണം (100% സി.എസ്.എസ്)<br>14.ചെറുമൃഗങ്ങൾക്കും മുയലുകൾക്കും വേണ്ടിയുള്ള സമഗ്ര വികസന പരിപാടി (100% സി.എസ്.എസ്) |

(ബി) ഏതെല്ലാം പദ്ധതികൾ ഉൾപ്പെടുത്താനാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നത്; വിശദാംശം അറിയിക്കാമോ?

ബി) കേന്ദ്ര ഗവൺമെന്റിന്റെ തുടർപദ്ധതികളായ കേന്ദ്രാവിഷ്കൃത പദ്ധതികൾ, രാഷ്ട്രീയ കൃഷി വികാസ് യോജന, പ്രധാനമന്ത്രിയുടെ സ്പെഷ്യൽ പാക്കേജ് പദ്ധതികൾ എന്നിവയിലുൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികളിലൂടെ സഹായം ആവശ്യപ്പെട്ടിരുന്നു.

1.കൃഷി വകുപ്പു മുഖേന കോൾ നീർത്തട വികസന പദ്ധതി - 9 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടി 2 വർഷം കൊണ്ട് പദ്ധതി നടപ്പിലാക്കും

2. ഗോവർദ്ധിനി പദ്ധതി - 298.95 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. 2 വർഷം കൊണ്ട് പദ്ധതി നടപ്പിലാക്കും.

3. ഇടുക്കി പാക്കേജ് - 160 ലക്ഷം രൂപ കിടാരി പദ്ധതിക്കും, 906 ലക്ഷം രൂപ കന്നുകുട്ടി പരിപാലന പദ്ധതിക്കും അനുവദിച്ചു.

4. 13-ാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ ഭാഗമായുള്ള കുട്ടനാട് പാക്കേജ് - നിരണം ഡക്ക് ഫാമിന്റെ ഉന്നമനവും താറാവ് വളർത്തലിന്റെ നവീകരണവും എന്ന പദ്ധതിക്കായി 300 ലക്ഷം രൂപയും, കുട്ടനാട് മേഖലയിൽ സമഗ്രവും സുസ്ഥിരവുമായ മൃഗസംരക്ഷണ പരിപാടികൾ എന്ന പദ്ധതിക്കായി 764 ലക്ഷം രൂപയും അനുവദിച്ചു.

5.രാഷ്ട്രീയ കൃഷി വികാസ് യോജന -2752.8 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകുകയും, 606.50 ലക്ഷം രൂപ ലഭ്യമാകുകയും ചെയ്തു.

6.രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സബ് സ്കീമായ നാഷണൽ മിഷൻ ഫോർ പ്രോട്ടീൻ സപ്ലീമെന്റിൽ ഉൾപ്പെടുത്തി - ഗോട്ട് സാറ്റലൈറ്റ് യൂണിറ്റിന് 100 ലക്ഷം രൂപ അനുവദിച്ചു. ഫണ്ട് ലഭ്യമായിട്ടില്ല.

സെക്ഷൻ ഓഫീസർ